കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-18-17/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 01.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-18-17/2020 തിയ്യതി: 01.02.2020

## <u>പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26-1-2019 മുതൽ 27-11-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-12-2019 മുതൽ 28-12-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.സരിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |
| ശ്രീ.ആർ.രഞ്ജിത്ത് | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| പ്രസിഡണ്ട് | |
|---|---|
| ശ്രീമതി സുമാവലി മോഹൻദാസ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | |
| ശ്രീ.കെ.രാധാകൃഷ്ണൻ | 01-04-2018 മുതൽ 1-5-2018 വരെ |

| | |
|---|---|
| | 27-6-2018 മുതൽ 21-10-2018 വരെ<br>&15-11-2018 മുതൽ 11-3-2019 വരെ |
| ശ്രീ.കെ.നാരായണൻ | 2-5-2018 മുതൽ 26-6-2018 വരെ &<br>22-10-2018 മുതൽ 14-11-2018 വരെ |
| ശ്രീ.കെ.ജി.സജീവ് കുമാർ | 12-3-2019 മുതൽ 17-3-2019 വരെ |
| ശ്രീ.ഇ.ഷാജഹാൻ | 18-3-2019 AN മുതൽ 31-3-2019 വരെ |

<u>(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.ഷബീന.ഐ | 01-04-2018 മുതൽ 0 08-08-2018 വരെ |
| | ശ്രീ.രമേഷ്.എം | 09 - 08-2018 മുതൽ 14-09-2018 വരെ |
| | ശ്രീമതി.മോഹിന.എം | 15-9-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.നാരായണൻ | 01-04-2018 മുതൽ 31-12-2018 വരെ |
| | ശ്രീ.ബാഹുലേയൻ.സി.വി | 1-1-19 മുതൽ 3-1-19 വരെ |
| | ശ്രീമതി.അന്ന അലക്സ് | 5-1-2019 മുതൽ 31-1-2019 വരെ |
| | ശ്രീ.കെ.ജി.സജീവ് കുമാർ | 1-2-2019 മുതൽ 31-3-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | ശ്രീ.ഗിരീധരൻ | 01-04-2018 മുതൽ 24-05-2018 വരെ |
| | ശ്രീമതി.അംബികാവതി.ആർ | 25-05-2018 മുതൽ 02-06-2018 വരെ |
| | ശ്രീമതി.ഷീജമോൾ. | 03-06-2018 മുതൽ 23-10-2018 വരെ &<br>30-11-2018 മുതൽ 30-03-2019വരെ |
| | ശ്രീ.കൃഷ്ണകുമാർ.ആർ | 24-10-2018 മുതൽ 29-11-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | ശ്രീമതി.അംബികാവതി.ആർ | 01-04-2018 മുതൽ 10-10-2018 വരെ |
| | ശ്രീമതി.ഷീജമോൾ. | 11-10-2018 മുതൽ 20-10-2018 വരെ |
| | ശ്രീ.കൃഷ്ണകുമാർ.ആർ | 21-10-2018 മുതൽ 31-03-2018 വരെ |
| എച്ച്.എം | ശ്രീമതി.ടി.പി.ശ്രീലത | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഉല്ലാസ് തോമസ് | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.എ.കെ.മഹേഷ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.കിഷോർമാത്യു | 01-04-2018 മുതൽ 31- |

| | | |
|---|---|---|
| | | 03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.എം.എസ്.സിനീഷ് | 1-4-2018 മുതൽ 16-8-2019 വരെ |
| | ശ്രീ.ഗൗതം.എൽ | 18-8-2019 മുതൽ 31-9-2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയലക്ഷ്മി.ആർ | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ് കുമാർ.എ | 01-04-2018 മുതൽ 9-11-2018 വരെ |
| | ശ്രീ.ജയപ്രകാശ് | 10-11-2019 മുതൽ 21-1-2019 വരെ |
| | ശ്രീമതി.രശ്മി | 22-1-2019 മുതൽ 31-3-2019 വരെ |

ഉള്ളടക്കം

ഭാഗം 1

ഓഡിറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം | 1-9 |
| 10 | ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-10 |
| 11 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-11 |
| 12 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-13 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-14 |
| 15 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ | 1-15 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 16 | സാമ്പത്തിക നില വിലയിരുത്തിയതിനുശേഷം മാത്രം തനത് ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കേണ്ടതാണ് | 1-16 |
| 17 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - വിലയിരുത്തൽ | 1-17 |
| 18 | ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല | 1-18 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-19 |
| 20 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല | 1-20 |
| 21 | സാധന സാമഗ്രികളുടെ വാങ്ങൽ - ആസൂത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 1-21 |
| 22 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്. | 1-22 |
| 23 | എസ്.എസ്.എ വിഹിതം അനുവദിച്ചതിൽ അവ്യക്തത-കൃത്യമായ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 24 | ലൈഫ് മിഷൻ അവലോകനം | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-25 |
| 26 | പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖ പാലിക്കേണ്ടതാണ് | 1-26 |
| 27 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം | 1-27 |
| 28 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-28 |
| 29 | തനത് ഫണ്ടിൽ ഒടുക്കിയ ടാർ ബാരലിന്റെ വില സഞ്ചിത നിധിയിലേക്ക് മാറ്റേണ്ടതാണ് | 1-29 |
| 30 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് | 1-30 |
| 31 | ചെല്ലപടി അങ്കണവാടി നിർമ്മാണം- പൊളിച്ചു മാറ്റിയ മരം, ഓട് എന്നിവ കയ്യൊഴിക്കേണ്ടതാണ് | 1-31 |
| 32 | എസ്.സി വനിതകൾക്കായി നിർമ്മിച്ച ട്രെയ്നിംഗ് സെന്റർ പ്രാവർത്തികമാക്കേണ്ടതാണ് | 1-32 |
| 33 | അഗതി രഹിത കേരളം പദ്ധതി അവലോകനം | 1-33 |
| 34 | മൃഗസംരക്ഷണ മേഖലയിൽ ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | 1-34 |
| 35 | എ.ബി.സി പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-35 |
| 36 | കേന്ദ്രവിഹിതം തുക അങ്കണവാടികളുടെ ഭൗതികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കണം | 1-36 |
| 37 | വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും, സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളും പാലിച്ചില്ല | 1-37 |

<u>ഭാഗം-II</u>

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

<u>ഭാഗം-III</u>

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

<u>ഭാഗം-IV</u>

<u>ഓഡിറ്റ് പ്രത്യവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

21-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 33.57കോടി രൂപയും ചെലവ് 31.97 കോടി രൂപയും നീക്കിയിരിപ്പ് 1.60 കോടി രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 28-5-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7318040 |
| വരവ് | 109231098 |
| ആകെ | 116549138 |
| ചെലവ് | 100757462 |
| നീക്കിയിരിപ്പ് | 15791676 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ (എ.സി.ആർ പ്രകാരം) | 0 | 2016000 | 20161000 | 18733837 | 1427163 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 9457000 | 9457000 | 7039744 | 2417256 |
| വികസനഫണ്ട് ടി.എസ്.പി(എ.സി. ആർ പ്രകാരം) | 0 | 828000 | 828000 | 507805 | 320195 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 10632000 | 10632000 | 10632000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്(എ.സി.ആർ പ്രകാരം) | 0 | 4115000 | 4115000 | 3264958 | 850042 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9358000 | 9358000 | 6459872 | 2898128 |
| എം.എൻ.ആർ.ഇ.ജി. എസ്- | 4003 | 549175 | 553178 | 543285 | 9893 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 27494882 | 27494882 | 27494882 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 134848 | 4129195 | 4264043 | 3257008 | 1007035 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 63795 | 4125303 | 4189098 | 3918204 | 270894 |
| ട്രഷറി-- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ) | -1453691 | 27631596 | 26177905 | 21237194 | 4940711 |
| തനത്ഫണ്ട് - VSCB | 6528263 | 4588964 | 11117227 | 5123208 | 5994019 |
| ഇ-പേയ്മെന്റ് അക്കൗണ്ട്- SBI (ഹഡ്കോ ലോൺ ഉൾപ്പെടെ) | 1327420 | 23547199 | 24874619 | 22837696 | 2036923 |
| കേന്ദ്രാവിഷ്കൃതം- ടി.എസ്.സി-വിജയ ബാങ്ക് | 892463 | 2327873 | 3220336 | 831099 | 2389237 |
| ഹരിയാലി-വിജയ ബാങ്ക് | 4522 | 297 | 4819 | 0 | 4819 |
| പെൻഷൻ-വിജയ ബാങ്ക് | 1059 | 38 | 1097 | 0 | 1097 |
| സാക്ഷരത-വിജയ ബാങ്ക് | 1986 | 70 | 2056 | 0 | 2056 |
| ഭവനനിധി-ഗ്രാമീൺ ബാങ്ക് | 32723 | 813 | 33536 | 30124 | 3412 |
| ബി ഫണ്ട് | 0 | 1792540 | 1792540 | 1792540 | 0 |

<u>കേന്ദ്ര വിഹിതം - ICDS</u>

| | | | | | |
|---|---|---|---|---|---|
| ICDS | 1747540 | 1029413 | 2776953 | 1175262 | 1601691 |

തുക STSB ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിച്ചുവരുന്നത്.

<u>നിഷ്ക്രിയ അക്കൗണ്ടുകളുടെ വിവരം</u>

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹരിയാലി-വിജയ ബാങ്ക് | 4522 | 297 | 4819 | 0 | 4819 |
| പെൻഷൻ-വിജയ ബാങ്ക് | 1059 | 38 | 1097 | 0 | 1097 |
| സാക്ഷരത-വിജയ ബാങ്ക് | 1986 | 70 | 2056 | 0 | 2056 |
| ഭവനനിധി-ഗ്രാമീൺ | 32723 | 813 | 33536 | 30124 | 3412 |

| ബാങ്ക് | | | | | |
|---|---|---|---|---|---|

മേൽ അക്കൗണ്ടുകളിൽ ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്.

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 140837041 | 146 | 81306866 | - | 72 | 67 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 67% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 2 | 7961750 | 6678775 | 84 |
| വി.ഇ.ഒ -1 | 4 | 3 | 29035000 | 14846333 | 51 |
| വി.ഇ.ഒ -2 | 10 | 8 | 34977547 | 16471667 | 47 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 4966350 | 4432390 | 89 |
| സെക്രട്ടറി | 27 | 17 | 9731960 | 6493179 | 67 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 133 | 87 | 42811189 | 24881847 | 58 |
| എച്ച്.എം | 7 | 6 | 2599460 | 2398080 | 0.92 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 752415 | 749900 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 3 | 660000 | 500000 | 76 |
| അസി.സെക്രട്ടറി | 14 | 6 | 6141370 | 2654695 | 43 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 700000 | 100 |
| ആകെ | 218 | 146 | 140837041 | 81306866 | 58 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 194040 | 107 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 8200200 | 1998 |
| 3 | വിധവാ പെൻഷൻ | 17520700 | 4149 |
| 4 | വാർദ്ധക്യകാല പെൻഷൻ | 28541000 | 6734 |
| 5 | വികലാംഗ പെൻഷൻ | 4615100 | 1069 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 761800 | 179 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7050 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-11-2019 | 10/2019 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-1-2017മുതൽ 07-2-2017 വരെ | 2011-12 മുതൽ 2015-16 വരെ | 7-04-17 |

# 1-9 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

# ലഭ്യമായത് അഭിനന്ദനാർഹം

വണ്ടാഴി ഗ്രാമപഞ്ചായത്തിന് ISO 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. സർട്ടിഫിക്കറ്റ് നം. TQS/Q-817.

3-9-2019 മുതൽ 2-3-2022 വരെ മൂന്ന് വർഷക്കാലയളവിലേക്കാണ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുടെ മുഖമുദ്രയായ ISO 9001:2015 ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്.

തുടർസേവനങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്നും ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കി നിലനിർത്തുന്നുണ്ടെന്നും ഉറപ്പാക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-10 ബജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്ന തിനുള്ള മാന്വലിൽ ബഡ്ജറ്റ് പ്രക്രിയ എപ്രകാരമായിരിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങളും പദ്ധതിയേതര നിർദ്ദേശങ്ങളും തയ്യാറാക്കി അവ ഏകീകരിക്കുന്നതാണ് ബജറ്റ് പ്രക്രിയയിൽ പ്രധാനമായും ഉൾപ്പെടുന്നത്.

<u>I. പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കൽ പ്രക്രിയ</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായാണ് വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

<u>II. പദ്ധതിയേതര നിർദ്ദേശങ്ങൾ തയ്യാറാക്കൽ പ്രക്രിയ</u>

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം ചുവടെ ചേർക്കുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| | |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് പദ്ധതിയേതര നിർദ്ദേശങ്ങൾ ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |

III. പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് ബജറ്റ് തയ്യാറാക്കൽ പ്രക്രിയ

| | |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ, അംഗീകരിക്കപ്പെട്ട വാർഷിക വികസന പദ്ധതി എന്നിവ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ

ബജറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർത്തതായി കാണുന്നില്ല. ഘടക സ്ഥാപന മേധാവികളോട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 05.02.2018-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രപ്പോസലുകൾ സമർപ്പിച്ചതായി കാണുന്നില്ല. ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം, വികസനകാര്യം തുടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകളൊന്നും തന്നെ നടത്തിയിട്ടില്ല. 19.03.2018 -ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം കരട് ബജറ്റ് അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും 21.03.2018-ന് ചേർന്ന ഭരണസമിതി യോഗം ബജറ്റ് ആവശ്യമായ ഭേദഗതികൾക്കു ശേഷം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| പ്രരംഭ ബാക്കി | 13919437 |
| പ്രതീക്ഷിത വരവ് | 321774934 |
| ആകെ വരവ് | 335694371 |
| പ്രതീക്ഷിത ചെലവ് | 319674410 |
| നീക്കിയിരിപ്പ് | 16019961 |

ബജറ്റ് രൂപീകരണം സംബന്ധിച്ച സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016-ലെ നിർദ്ദേശങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 04/23.12.2019 ന് നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബജറ്റ് തയ്യാറാക്കുവാൻ മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക അവശ്യ

മേഖലകളിൽ വകയിരുത്തപ്പെടാതെ പോകുന്നതിന് ഇടയാക്കുമെന്നതിനാൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

1. സർക്കാർ വിജ്ഞാപനം അനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(2) പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി ചുമത്തുന്നതിലേക്കായി ഓരോ ഇനം കെട്ടിടങ്ങളുടെയും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതികളും സർക്കാർ വിജ്ഞാപനം മൂലം നിശ്ചയിച്ചിരുന്നു. ആയതിൽ 1. സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ 2. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് 3. മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, 4. ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ)നം.36/2015/തസ്വഭവ തീയതി 24.02.2015 പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ, വിജ്ഞാപനം സംബന്ധിച്ച ഫയൽ എന്നിവ പരിശോധിച്ചതിൽ ടി വിജ്ഞാപനം പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് നിർണ്ണയിച്ചതായോ പ്രസ്തുത ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് നൽകിയതായോ കാണുന്നില്ല.
ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

2. നികുതി പുനർനിർണ്ണയം പുന:പരിശോധിക്കേണ്ടതാണ്

28.03.2018 ലെ എ4-1983/18 നമ്പർ അപേക്ഷ പ്രകാരം 18/200 മുതൽ 18/208 വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ മുകളിൽ ജി.ഐ റൂഫിംഗ് നടത്തിയിട്ടുണ്ടെന്നും ആയതിന് അംഗീകാരം നൽകണമെന്നും കാണിച്ച് ശ്രീ.എ.രാധാകൃഷ്ണൻ മുതൽപ്പേർ, കിഴക്കുംപുറം, പടിഞ്ഞാറേത്തറ, മുടപ്പല്ലൂർ എന്നവർ സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തിയതിൽ ഇരുമ്പുതൂണുകളിൽ ജി.ഐ ഷീറ്റ് വർക്ക് നടത്തിയതായും ആയത് താൽകാലിക നിർമ്മിതിയാണെന്നും റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 18/200 എന്ന കെട്ടിടത്തിൽ 360 ച മീ കൂട്ടിചേർത്തതായി പരിഗണിച്ച് 18464/- രൂപ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. താൽകാലിക നിർമ്മിതിയാണെന്ന് രേഖപ്പെടുത്തിയിട്ടും 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഗോഡൗൺ എന്ന ഉപയോഗക്രമം നിശ്ചയിച്ച് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.20/27.12.2019 ന് 24.03.2015 ലെ 16-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും നികുതി പുനർനിർണ്ണയം പുന:പരിശോധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
ഓഡിറ്റ് നിർദ്ദേശം

1. സഞ്ചയയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയ സർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള വസ്തുനികുതി നിരക്കുകൾ ഉൾപ്പെടുത്തേണ്ടതും ആയതിനനുസൃതമായി വസ്തുനികുതി

നിശ്ചയിക്കേണ്ടതുമാണ്.

2. താൽകാലിക നിർമ്മിതിയാണെന്ന് രേഖപ്പെടുത്തിയിട്ടും 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഗോഡൗൺ എന്ന ഉപയോഗക്രമം നിശ്ചയിച്ച് വസ്തുനികുതി നിർണ്ണയിച്ചത് പുനപരിശോധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1. ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സഫാ ഫ്യൂവൽസ് | 5 |
| 2 | ജി.ആർ ടിംബേഴ്സ് & സാ മിൽ | 60 |
| 3 | ഹസീബ് സാ മിൽ & ടിംബേഴ്സ് | 10 |
| 4 | രഞ്ജിത്ത് സാ മിൽ & സുലു ടിംബേഴ്സ് | 4 |
| 5 | സ്റ്റെസ്സ സൂപ്പർ ഫുഡ്സ് | 6 |

2. രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഇസാഫ് മൾട്ടി സ്റ്റേറ്റ് അഗ്രോ കോ-ഓപ്പ് സൊസൈറ്റി എന്ന സ്ഥാപനത്തിലെ 10 ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3. അബ്കാരി ഷോപ്പുകളിൽ നിന്നും റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്നും 11 റേഷൻകടകൾ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

4. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2018-19 വർഷം പഞ്ചായത്ത് പ്രദേശത്തെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട 17 കറാറുകാരിൽ 16 പേരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.7/23.12.2019 ന് ഈടാക്കാൻ വിട്ടുപോയ

സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല.

(സി) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കാത്തതിനാൽ വരവ് നഷ്ടം

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന

സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കാമായിരുന്ന തുകയുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും സ്ഥാപനത്തിന്റ പേരും | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 2 | പി.ജെ.ജോഷി<br>പി.ജെ ഗ്രാനൈറ്റ്സ് | 850 HP | 8500 |
| 2 | 20 | ചെന്താമരാക്ഷൻ ബി<br>കോമള സാ മിൽ | 47.5 HP | 500 |
| 3 | 17 | സ്മാക്ക് കാർബണേറ്റഡ് ഡ്രിങ്ക്സ് | 20 HP | 200 |
| 4 | 64 | പോൾ കുരുവിള<br>പാപ്പച്ചൻ സാ മിൽ | 40 HP | 400 |
| 5 | 109 | ജീവൻലാൽ പി നാസർ പുലിക്കോട്ടിൽ ഓയിൽ മിൽ | 20 HP | 200 |
| 6 | 183 | ജി ആർ ടിംബേഴ്സ് & സാ മിൽ | 159 HP | 2000 |
| 7 | 126 | ടോം ജോർജ്ജ്<br>ടിഎംടി ഗ്രാനൈറ്റ്സ് | 985 HP | 9850 |
| 8 | 127 | രഞ്ജിത്ത് സാ മിൽ & ടിംബേഴ്സ് | 40 HP | 400 |
| 9 | 146 | ഹസീബ് സാ മിൽ & സുല്യ ടിംബേഴ്സ് | 40 HP | 400 |
| 10 | 314 | ടോം ജോർജ്ജ്<br>കെഎൻആർ കൺസ്ട്രക്ഷൻ എൽ.എൽ.പി | 959 HP | 9590 |
| 11 | 337 | മാതാ വുഡ് ഇൻഡസ്ട്രീസ് | 25 HP | 300 |
| | | | ആകെ | 32340 |

ഡി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, സൽക്കാരങ്ങളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ്

യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>ഇ) ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ടങ്ങൾ പാലിച്ചിട്ടില്ല</u>

2012- ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഫോറം 2 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും ആയത് പരിശോധിച്ച് ഫോറം 3 ൽ ലൈസൻസ് നൽകേണ്ടതുമാണ്. വളർത്തുന്ന മൃഗങ്ങളുടെ എണ്ണത്തിനനുസൃതമായ തരംതിരിവും ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളും ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എ.കെ.സുരേഷ്, ആര്യൻകൊളുമ്പ്, മുടപ്പല്ലൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള ഉത്രോദയം കോഴിഫാമിന് ലൈസൻസ് (നം. 340/18-19) അനുവദിച്ചിരിക്കുന്നത് 2012 -ലെ കേ.പ.രാ (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമല്ല. പക്ഷികളുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലവിസ്തൃതി, മാലിന്യ നിർമ്മാർജ്ജന സംവിധാനം എന്നിവ പരിശോധന നടത്തി ഉറപ്പാക്കിയിട്ടില്ല. ലൈസൻസ് അനുവദിച്ചത് നിശ്ചിത മാതൃകയിലല്ല.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/23.12.2019 ന് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായി ലൈസൻസ് നൽകുന്നതാണെന്നും റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നതാണെന്നും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതാണെന്നും വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് നിലവിൽ ലൈസൻസ് ഫീസിനോടൊപ്പം തന്നെ ഈടാക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് ഈടാക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2. റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവയുൾപ്പെടെ ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഉറവിടമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്.

5. 2012- ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മാത്രം ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

1. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നിലം ഭൂമിയിൽ ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് നിയമപരമല്ലാതെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിരിക്കുന്നു

| | |
|---|---|
| ഫയൽ നം. | എ4/3169/2018 തീയതി 18.02.2019 |
| അപേക്ഷകന്റെ പേര് | ശ്രീ. സഹദേവൻ, കണിയമംഗലം, എടവംപാടം പിഒ, 678709 |
| കെട്ടിടത്തിന്റ വിസ്തീർണ്ണം | 39.73 ച മീ |
| സർവ്വേ നം | ബ്ലോക്ക് 49, റീസർവ്വേ നം 34/2 |

മേൽ അപേക്ഷ പ്രകാരം ഡാറ്റാ ബാങ്കിൽ ക്രമ നം. 1492 ആയി ഉൾപ്പെട്ട സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം(എൻഒസി) അനുവദിച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള ജില്ലാതല അധികൃത സമിതിയുടെ പരിവർത്തനാനുമതി ലഭിച്ചിട്ടില്ല. 24.10.2010 ൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതുകൊണ്ടും നിലവിൽ ടി സ്ഥലത്ത് ഓലമേഞ്ഞ കെട്ടിടം ഉള്ളതിനാലും സർക്കുലർ നം.1858832/ആർ.എ1/2017/തസ്വഭവ തി 06.12.2017 പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നു എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

24.10.2010 -ൽ അനുവദിച്ച പെർമിറ്റ് പുതുക്കാത്തതിനാൽ നിലവിൽ സാധുത ഇല്ലാത്തതാണ്. മാത്രമല്ല മേൽ സർക്കുലർ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് ബാധകമായതാണ്. ആയതിനാൽ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചത് നിയമപരമല്ല.

2. അഗ്നിശമന സേനാ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രമില്ലാതെ വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരിക്കുന്നു

| | |
|---|---|
| ഫയൽ നം. | എ4/6639/2018 തി 09.12.2018 |
| റഗുലറൈസേഷൻ നം. | എ4-ബിഎ(35220)/2019 തീ 16.02.2019 |
| അപേക്ഷകന്റെ പേര് | പി ജെ പോളി മുതൽപ്പേർ, പുന്നേരിപ്പറമ്പിൽ, ചിറ്റടി, |

| | |
|---|---|
| | വണ്ടാഴി പി ഒ- 678706 |
| കെട്ടിടത്തിന്റ<br>വിസ്തീർണ്ണം/ തരം | 303.85 ച മീ<br>വ്യാവസായികം- കാറ്റിൽ ഷെഡ് |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 59 പ്രകാരം വ്യാവസായിക ആവശ്യത്തിനുള്ള ഗ്രൂപ്പ് G1, G2 എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ടി സാക്ഷ്യപത്രം ഇല്ലാതെതന്നെ പെർമിറ്റ് ഇല്ലാത്ത നിർമ്മാണം റഗുലറൈസ് ചെയ്ത് 11/754 എന്ന കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു.

3. അംഗീകൃത പ്ലാനിലും അനുവദിച്ച പെർമിറ്റിലും വിസ്തീർണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു

| | |
|---|---|
| ഫയൽ നം. | എ4/5243/2018 തി 11.09.2018 |
| റഗുലറൈസേഷൻ നം. | എ4-ബിഎ(256342)/2018<br>തീ 11/09/2018 |
| അപേക്ഷകന്റെ പേര് | ജോണി കുര്യൻ, വേലൻകുന്നേൽ,<br>മുടപ്പല്ലൂർ പി ഒ |
| പ്ലാൻ പ്രകാരം<br>കെട്ടിടത്തിന്റ വിസ്തീർണ്ണം/ തരം | 254.86 ച മീ<br>(GF- 108.17<br>FF-130.07<br>Stair Area- 16.62)<br>വാണിജ്യം |

മേൽ അപേക്ഷയിലെ പ്ലാനിൽ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം 254.86 ച.മീറ്ററാണെങ്കിലും പെർമിറ്റ് അനുവദിച്ചിരിക്കുന്നത് 238.24 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് മാത്രമാണ്. പ്ലാനിൽ കവറേജ്, FAR എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.
ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/23.12.2019 -ന് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലം വളരെ മുൻപ് തന്നെ പരിവർത്തനം ചെയ്യപ്പെട്ടതാണ്. 25 വർഷത്തിലധികമായി ടി കുടുംബം അടച്ചുറപ്പില്ലാത്ത ഓലമേഞ്ഞ കെട്ടിടത്തിൽ താമസിച്ചുവരികയാണെന്നതിനാൽ സദുദ്ദേശപരമായാണ് ലൈഫ് മിഷൻ പദ്ധതിക്കായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചത്.
2. ക്യാറ്റിൽ ഷെഡ് 1000 ച. മീ വിസ്തീർണ്ണം ആയതിനാലാണ് അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രമില്ലാതെ പെർമിറ്റ് അനുവദിച്ചത്.
3. സ്റ്റെയർ ഏരിയയുടെ വിസ്തീർണ്ണം സങ്കേതം സോഫ്റ്റ്‌വെയർ വഴി സമർപ്പിച്ച അപേക്ഷയിൽ ചേർക്കാത്തതിനാലാണ് ശ്രദ്ധിക്കാതെ പോയത്. ആയതും എഫ്എആർ, കവറേജ് മുതലായവയും മേലിൽ ശ്രദ്ധിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിലെ നിർമ്മാണങ്ങൾ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 59 പ്രകാരം വ്യാവസായിക ആവശ്യത്തിനുള്ള ഗ്രൂപ്പ് G1, G2 ഉൾപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും അഗ്നിശമന സേനാ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഉറപ്പാക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.
2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
07.09.2016 തീയതിയിലെ സ.ഉ(സാധാ)നം.2627/2016/തസ്വഭവ നമ്പർ ഉത്തരവ്, 31.08.2017-ലെ 1725325/ആർ.എ.2/2017/തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം അവധിദിവസങ്ങളിലെ അനധികൃത നിർമ്മാണം തടയുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ 24.07.2010 ലെ 22044/ആർ.എ.1/14/തസ്വഭവ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 19.05.2014 ലെ 29342/ ആർ.എ.1/2014/തസ്വഭവ സർക്കുലറിൽ അനധികൃത നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. നൂർ മുഹമ്മദ്. പി.എ, മന്നത്ത്കുണ്ട് തോട്ടത്തിൽ, പറശ്ശേരി, കരിങ്കയം പി.ഒ എന്നയാൾ 27.11.2017 ലെ എ4-6852/17 നമ്പർ പ്രകാരം 578.64 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകണമെന്ന് അപേക്ഷിച്ചിരുന്നെങ്കിലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിലാണ് (ഡാറ്റാ ബാങ്ക് ക്രമ നം. 3679) കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന കാരണത്താൽ നിരസിച്ചിരുന്നു. എന്നാൽ 24.12.2019 തീയതിയിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രൗൺ പ്ലാസ എന്ന പേരിൽ ഓഡിറ്റോറിയം ആയി പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തി. മാത്രമല്ല 14.07.19,

15.09.19, 24.10.19 എന്നീ തീയതികളിൽ ടി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വിവാഹങ്ങൾ പൊതുവിവാഹ നിയമപ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതായും കണ്ടെത്തി.

20.08.2019 ലെ ബി3-4237/19 പ്രകാരം അനധികൃത കെട്ടിട നിർമ്മാണം നിർത്തിവെയ്ക്കണമെന്നും നിയമനടപടികൾ സ്വീകരിക്കാതിരിക്കാൻ മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ 7 ദിവസത്തിനകം ബോധിപ്പിക്കണമെന്നും കാണിച്ച് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ടി കെട്ടിടത്തിന് യു.എ നമ്പർ അനുവദിക്കുകയോ മൂന്നിരട്ടി നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് സമീപത്തായി മറ്റൊരു കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം നടത്തിവരുന്നതായും **കണ്ടെത്തി**.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.17/26.12.2019 ന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു, 235 എഎ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം നിയമപരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃതമായി നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും അധികൃതമാക്കുകയോ അനധികൃത നിർമ്മിതികൾ പൊളിച്ചു മാറ്റുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



ചിത്രം-അനധികൃതമായി തുടരുന്ന ഓഡിറ്റോറിയം




ചിത്രം – നിർമ്മിച്ചു കൊണ്ടിരിക്കുന്ന കെട്ടിടം

# 1-16 സാമ്പത്തിക നില വിലയിരുത്തിയതിനുശേഷം മാത്രം തനത് ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കേണ്ടതാണ്

2017-18 വർഷത്തെ തനത് ഫണ്ട് നീക്കിയിരിപ്പായ 1.59 കോടിയിൽ ബാധ്യതകൾ കഴിച്ചുള്ള നീക്കിയിരിപ്പ് 1.38 കോടി രൂപയാണ്. ശരാശരി ഒരു വർഷത്തിൽ 1.25 കോടി രൂപ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്കും അനിവാര്യ ചുമതലകൾക്കും ആവശ്യമായി വരുന്നുണ്ടെന്ന് 2017-18 വർഷത്തെ വാർഷിക കണക്ക് സൂചിപ്പിക്കുന്നു.

സ.ഉ(എം.എസ്)നം.11/18/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.1 പ്രകാരം തനതു ഫണ്ടിൽ നിന്നും അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും മാറ്റി വച്ച ശേഷം മിച്ചമുള്ള തുകയാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കാവുന്നത്. കൂടാതെ ഒരു വാർഷിക പദ്ധതിയിൽ തനത് ഫണ്ട് ഇനത്തിൽ വിനിയോഗിച്ച തുകയുടെ 15 ശതമാനത്തിൽ അധികരിച്ച തുക അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ജില്ലാ ആസൂത്രണ സമിതി മുൻപാകെ സമർപ്പിക്കണമെന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി 67 പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും 1.16 കോടി രൂപ വകയിരുത്തി 61.78 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2019-20 വർഷത്തേക്ക് അംഗീകാരം വാങ്ങിയ പദ്ധതികളിൽ 70 പ്രൊജക്ടുകളിലായി ആകെ 14955577 രൂപയാണ് തനതു ഫണ്ട് മാത്രമായി വകയിരുത്തിയിട്ടുള്ളത്. 2018-19 വർഷത്തിൽ വിനിയോഗിച്ച തുകയുടെ (6178346 രൂപ) ഇരട്ടിയിലധികം തുകയാണ് തനതു ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളത് എന്നതിനാൽ മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ ഉറപ്പാക്കാതെയും തനതു ഫണ്ടിന്റെ സ്ഥിതി വിലയിരുത്താതെയുമാണ് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത് എന്ന് വിലയിരുത്തുന്നു.

എല്ലാ ബാധ്യതകളും തിട്ടപ്പെടുത്തി തനത് ഫണ്ടിൽ നിന്നും കുറവ് ചെയ്തതിനുശേഷം ബാക്കി തുകയുണ്ടെങ്കിൽ മാത്രമേ തനത് ഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുവാൻ സാധിക്കുകയുള്ളൂ. തുടർവർഷങ്ങളിൽ തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തി മാത്രം പ്രൊജക്ടുകൾ ആവിഷ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-17 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - വിലയിരുത്തൽ

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും വണ്ടാഴി ഗ്രാമപഞ്ചായത്ത് നാല് കുടിവെള്ള പദ്ധതികൾ ഇപ്പോഴും പരിപാലിച്ചു പോരുന്നുണ്ട്. കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമത വിലിയിരുത്തുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും വിവിധ രേഖകൾ പരിശോധിക്കുകയും ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം

| ക്രമ നം. | കുടിവെള്ള പദ്ധതി | ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം | ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | വളയൽ | 100 | 1 | വെള്ളം നേരിട്ട് പമ്പ് ചെയ്യുന്നു. |
| 2 | പുളിക്കൽ പറമ്പ് | 229 | 1 | വാട്ടർ ടാങ്ക് നിലവിലുണ്ട്. |
| 3 | മാത്തൂർ | 148 | 0 | വെള്ളം നേരിട്ട് പമ്പ് ചെയ്യുന്നു. |
| 4 | വടക്കേപുഴ | 233 | 5 | വാട്ടർ ടാങ്ക് നിലവിലുണ്ട്. |
| ആകെ | | 710 | 7 | |

ബി. വെള്ളക്കരവും കുടിവെള്ളത്തിന്റെ ഉപഭോഗവും

കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള നിബന്ധനകളിലെ ക്രമ നം. 9 പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് 20000 ലിറ്റർ വരെ

പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 200 രൂപയും പ്രതിമാസ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 20000 ലിറ്ററിന് പുറമേയുള്ള ഓരോ ലിറ്ററിനും യഥാക്രമം 10 രൂപ, 20 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വെള്ളത്തിന് അളവ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഉപയോഗം തടയുന്നതിനായി മീറ്റർ സംവിധാനം ഭാഗികമായി മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കുടിവെള്ളത്തിന്റെ ദുരുപയോഗം വിലയിരുത്തുന്നതിനായി പ്രത്യേക സംവിധാനവും നിലവിലില്ല. എല്ലാ ഉപഭോക്താക്കളിൽ നിന്നും ഒരേ നിരക്കാണ് ഈടാക്കുന്നത്.

സി. പമ്പ് ഓപ്പറേറ്റർമാർ

പദ്ധതികളുടെ നടത്തിപ്പിനായി 4 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

ഇവർക്ക് 600 രൂപയാണ് ദിവസ വേതനമായി നിശ്ചയിച്ചിട്ടുള്ളത്.

ഡി. വരവ്-ചെലവ് കണക്കുകൾ - 2018-19

| | |
|---|---|
| വരവ് | 558500<br><br>(കുടിശ്ശിക വരവ് 164300 രൂപ ഉൾപ്പെടെ) |
| ചെലവ് | |
| വൈദ്യുതി ചാർജ്ജ് | 516550 |
| പമ്പ് ഓപ്പറേറ്റർ | 826000 |
| അറ്റകുറ്റപണി (എ.എം.സി) | 300000 |
| ആകെ ചെലവ് | 1642550 |

എ.എം.സി യുടെ ഫയൽ പരിശോധിച്ചതിൽ പൈപ്പ് ലീക്കേജിനാണ് ഭൂരിഭാഗം തുകയും ചെലവഴിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. പൈപ്പുകളുടെ കാലപ്പഴക്കം കാരണമാണ് ലീക്കേജ് കൂടി വരുന്നതെന്ന് അധികൃതർ അറിയിച്ചു. വരവും പരിപാലന ചെലവും തമ്മിലുള്ള അന്തരം ഗ്രാമപപഞ്ചായത്തിന്റെ ധനസ്ഥിതിയെ ബാധിക്കുന്നുണ്ട്.

ഇ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

എഫ്. കുടിശ്ശികയുടെ വിവരം

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 1275915 രൂപ വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കേണ്ടതുണ്ട്.

പദ്ധതികൾ കൈമാറുന്നതിന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ടായിട്ടും നടപടികൾ സ്വീകരിക്കാത്തതിനും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ

ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (14/24-12-2019) മറുപടിയിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് നോട്ടീസ് അയയ്ക്കുകയും 2019-20 വർഷത്തിൽ കുടിശ്ശികയിനത്തിൽ മാത്രം 402015 രൂപ ഈടാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. നിരവധി തവണ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് കൂട്ടിയിട്ടും കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാൻ ഗുണഭോക്തൃ സമിതികൾ ആരും മുന്നോട്ട് വരാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 29-8-2016 ലെ തീരുമാനം നം.14 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സാധൂകരണത്തിനുള്ള അപേക്ഷ 15-10-2016 ൽ സമർപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

2. ഗുണഭോക്തൃ സമിതികൾക്ക് കൈമാറിക്കൊടുക്കുന്നതു വരെ കുടിവെള്ള പദ്ധതികളുടെ പരിപാലനം പഞ്ചായത്തിന് ബാധ്യതയല്ലാത്ത രീതിയിൽ കാര്യക്ഷമമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാന ത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

തൻവർഷം 04/2018, 10/2018, മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 59 | 27-4-2018 | 43093 |
| | | | |

| | | | |
|---|---|---|---|
| 2 | 60 | 27-4-2018 | 116936 |
| 3 | 61 | 27-4-2018 | 12126 |
| 4 | 62 | 27-4-2018 | 50980 |
| 5 | 469 | 1-10-2018 | 41571 |
| 6 | 470 | 1-10-2018 | 152841 |
| 7 | 471 | 1-10-2018 | 11698 |

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.15, തീയതി-24-12-2019 ന്റെ മറുപടിയിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

എ) ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 146/19-സ്ട്രീറ്റ് ലൈൻ വലിക്കൽ | 1/26-5-18 | 65250 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |
| | 10/19-സ്ട്രീറ്റ് ലൈൻ വലിക്കൽ | 22/22-11-18<br>23/22-128 | 1383415<br>54000 | | |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ, തൃശ്ശൂർ | 219/19 - പുതിയ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇലക്ട്രിഫിക്കേഷൻ | 33/8-3-19<br>986/23-3-19 | 85860<br>336015 | | |

മേൽ പട്ടികയിൽ തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ തിയതി 29-1-2018 ലെ ഖണ്ഡിക11.2(ഡി) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മേൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക അനുവദിച്ചപ്പോൾ അത്തരത്തിൽ എഗ്രിമെന്റ് ഒപ്പു വെച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ അപാകത ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.12, തിയ്യതി-24-12-2019

# 1-20 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല

2018-19 വർഷത്തിൽ പുതിയ തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>1. എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ-334 എണ്ണം</u>

11/19-എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1251200 രൂപ (വികസന ഫണ്ട് - 1250000 CFC + 1200 തനത് ഫണ്ട്)

ചെലവ് - 1249650രൂപ (ബിൽ നം. 34/8-3-2019)

ഇൻവോയ്സ് നം. CD/18-19/R/47/7-2-2019

<u>എ. ലാമ്പുകളുടെ നിരക്ക്</u>

25 വാട്ടിന്റെ 285 എൽ.ഇ.ഡി ലാമ്പുകളും 100 വാട്ടിന്റെ 49 എണ്ണവും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. 25 വാട്ടിന്റെ ലാമ്പിന് 3250 രൂപയും 100 വാട്ടിന്റെ ലാമ്പിന് 6600 രൂപയുമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

<u>ബി. തീരുമാനങ്ങൾ</u>

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24-9-2018 ലെ തീരുമാനം നം. 8 പ്രകാരം SILK എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാന മെടുത്തിട്ടുണ്ട്.
2. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 25-10-2018 ലെ തീരുമാനം നം. 9 പ്രകാരം സിൽക്കിൽ നിന്ന് 'ക്രോംപ്റ്റൻ' എന്ന കമ്പനിയുടെ രണ്ട് വർഷത്തെ വാറണ്ടിയുള്ള ലാമ്പുകൾ വാങ്ങുന്നതിനായി

തീരുമാനമെടുത്തിട്ടുണ്ട്.

3. പഞ്ചായത്ത് 29-10-2018 ലെ തീരുമാനം നം. 6(2) പ്രകാരം ലാമ്പുകൾ സപ്ലൈ ചെയ്യുന്നതിനായി സിൽക്ക് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുവാൻ അംഗീകാരം നൽകിയിട്ടുമുണ്ട്.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾനേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ പ്രോജക്റ്റിന്റെ കൃത്യത ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

SILK ന്റെ രജിസ്റ്റേർഡ് വെണ്ടർ ആയ M/s. അദ്വൈത് അസോസിയേറ്റ്സ്, പുഞ്ചപ്പാടം എന്ന സ്ഥാപനമാണ് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്

ഇതേ കാലയളവിൽ പ്രൊ.നം. 211/19(SO) പ്രകാരം 24 വാട്ടിന്റെ 68 ലാമ്പുകൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങിയിട്ടുണ്ട്. M/s. അദ്വൈത് അസോസിയേറ്റ്സ്, പുഞ്ചപ്പാടം എന്ന സ്ഥാപനത്തിൽ നിന്നും 1420 രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. SILK മുഖേന ഇതേ സ്ഥാപനത്തിൽ നിന്നും 25 വാട്ട് ലാമ്പുകൾ വാങ്ങിയിട്ടുള്ളത് 3250 രൂപ നിരക്കിലാണ്. ഒരു വാട്ട് മാത്രം വ്യത്യാസമുള്ള ലാമ്പുകൾ തമ്മിലുള്ള നിരക്ക് വ്യത്യാസം 1830 രൂപയാണ്.

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

ലാമ്പുകൾ സ്ഥാപിച്ചതിന് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

എഫ്) എഗ്രിമെന്റ്

ലാമ്പുകൾക്ക് രണ്ട് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം.7/18-19/16-11-18.

സിൽക്കിൽ നിന്നും നേരിട്ട് ലാമ്പുകൾ വാങ്ങുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണം നം. 11/24-12-2019 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.
അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 സാധന സാമഗ്രികളുടെ വാങ്ങൽ - ആസൂത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

1.പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ സാമഗ്രികൾ വാങ്ങൽ

പ്രൊജക്ട് നം. - 195/19 (SO)

അടങ്കൽ - 91835 (തനത് ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 90900

ബിൽ നം. - 444/25-09-2018

പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ 28-03-2018 തിയ്യതിയിൽ പത്ര പരസ്യം നൽകി ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയും പങ്കെടുത്ത 2 കമ്പനികളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഐഡിയ സൊല്യൂഷൻസ്, വടക്കഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ 45450രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 25000 മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറാണ് ബാധകമായിട്ടുള്ളത്. കുറഞ്ഞത് 4 ടെണ്ടറുകൾ ലഭ്യമാക്കേണ്ടതാണെന്ന് നിബന്ധനയുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം ഓപ്പൺ ടെണ്ടർ നടത്തിയപ്പോൾ രണ്ട് ടെണ്ടർ മാത്രമാണ് ലഭ്യമായത്. ലിമിറ്റഡ് ടെണ്ടർ നടത്തിയിരുന്നുവെങ്കിൽ കുറഞ്ഞത് 4

വിതരണക്കാരുടെയെങ്കിലും മത്സരം ഉറപ്പാക്കാമായിരുന്നു. എന്നാൽ ഓപ്പൺ ടെണ്ടറിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ മത്സരം മൂലം ലഭ്യമാകുമായിരുന്ന സാമ്പത്തിക നേട്ടം ഇല്ലാതായതായി വിലയിരുത്തുന്നു.

- 06-03-2018 തിയ്യതിയിലെ എ3-27/18 നമ്പർ ടെണ്ടർ പരസ്യത്തിൽ കമ്പ്യൂട്ടർ സ്പെസിഫിക്കേഷനുകളോടൊപ്പം ഓപ്പറേറ്റിംഗ് സിസ്റ്റം windows 7 professional എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സമർപ്പിച്ച 2 ടെണ്ടറുകാരും ഓപ്പറേറ്റിംഗ് സിസ്റ്റം ഉൾപ്പെടാത്ത നിരക്കാണ് സമർപ്പിച്ചത് (ഐഡിയ സൊല്യൂഷൻസ് - 37800, ഷൈജിൽ, കാരപ്പൊറ്റ - 38400). പിന്നീട് ഓപ്പറേറ്റിംഗ് സിസ്റ്റം ഉൾപ്പെടെയുള്ള നിരക്ക് ആവശ്യപ്പെടുകയും 2 സ്ഥാപനങ്ങളും പുന:സമർപ്പിച്ചതിന്റെ (ഐഡിയ സൊല്യൂഷൻസ് – 45450, ഷൈജിൽ, കാരപ്പൊറ്റ - 47460) അടിസ്ഥാനത്തിലാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത് (ഇൻവോയിസ് നം.1115, തിയ്യതി-28-3-2018). പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.5(10), തിയ്യതി - 30-8-2018
- സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ മേൽ കമ്പ്യൂട്ടറുകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നു ബോധ്യപ്പെട്ടു.

ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. <u>വെറ്ററിനറി, വി.ഇ.ഒ, കൃഷി ഓഫീസ് - ലേയ്ക്ക് ഫർണീച്ചർ വാങ്ങൽ</u>

പ്രൊജക്ട് നം. - 189/19 (SO)

അടങ്കൽ - 200000 (മെയിന്റനൻസ്-നോൺ റോഡ്)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 199386

ബിൽ നം. - 11/23-08-2018

ഇൻവോയിസ് നം. - 12/10-8-2018

പദ്ധതി പ്രകാരം ടെണ്ടർ നടപടികളിലൂടെ ദാസ് ഏജൻസീസ്, ആലത്തൂർ എന്ന സ്ഥാപനത്തിൽ താഴെ പറയുന്ന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| സ്റ്റീൽ അലമാര | 9 |
| റിവോൾവിംഗ് ചെയർ | 10 |
| എക്സിക്യൂട്ടീവ് ടേബിൾ | 10 |

വെറ്ററിനറി, വി.ഇ.ഒ, കൃഷി ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങുന്നതിനാണ് പ്രൊജക്ട് പ്രകാരം അംഗീകാരം വാങ്ങിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ പഞ്ചായത്ത് ഓഫീസിലേയ്ക്കും വിതരണം ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിതരണത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | അലമാര | ടേബിൾ | ചെയർ | റിമാർക്സ് |
|---|---|---|---|---|
| എ.ഇ | 1 | - | 1 | കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| വെറ്ററിനറി ഓഫീസ് | 2 | 2 | 1 | -ടി- |
| എൻ.ആർ.ഇ.ജി.എസ് | 1 | - | - | -ടി- |
| കൃഷി ഓഫീസ് | 1 | 2 | 4 | അലമാര കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| പഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ | 4 | 3 | 4 | - |
| ആകെ വിതരണം | 9 | 7 | 10 | |

ആവശ്യകത വിലയിരുത്താതെ പ്രൊജക്ട് രൂപീകരിക്കുകയും, മെയിന്റനൻസ്-നോൺ റോഡ് ഫണ്ടുപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്ക് വാങ്ങിയ സാധന സാമഗ്രികൾ പഞ്ചായത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്തത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 3 ടേബിളുകളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.18, തിയതി – 26-12-2019 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർന്നുള്ള വാങ്ങലുകൾ നടത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ cprcs മുഖേന വാങ്ങേണ്ടതാണ്.

2. കമ്പ്യൂട്ടറുകൾ ഒഴികെയുള്ള 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതാണ്. GeM ൽ ലഭ്യമല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിലൂടെ വാങ്ങാവുന്നതാണ്.

മേൽ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക പ്രകാരം 2 തവണകളായി തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി പിൻവലിച്ച തുക, ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ട്രഷറി ബിൽ നം./തിയ്യതി | 5/19-7-2018 | 31/8-3-2019 |
| പിൻ വലിച്ച തുക | 109920 | 100920 |
| യഥാർത്ഥത്തിൽ ചെലവഴിച്ച തുക | 99960 | 94080 |
| വിതരണം ചെയ്യാതെ തിരിച്ചടച്ച തുക | 9960 | 6840 |
| തിരിച്ചടച്ച തുകയുടെ വൗച്ചർ നം.തിയ്യതി | 21800333/31-7-2018 | 21801218/22-3-2019 |

വേതനം വിതരണം ചെയ്തിട്ടുള്ള വേതനം കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. തുക അനർഹമായി കൈപ്പറ്റിയെന്ന് പിന്നീട് തെളിഞ്ഞാൽ റവന്യൂ

റിക്കവറി പ്രകാരം തിരികെ ഈടാക്കാവുന്നതാണെന്ന് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഏതെങ്കിൽ ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ (നം.15, തീയതി - 5-12-2019) തുടർന്നുള്ള വിതരണത്തിൽ ശ്രദ്ധിക്കുന്നതാണ് അറിയിച്ചിട്ടുണ്ട്.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019

മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം തുടർ ഘട്ടങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-23 എസ്.എസ്.എ വിഹിതം അനുവദിച്ചതിൽ അവ്യക്തത-കൃത്യമായ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം 4/19 - എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ - 1485560 ( വികസനഫണ്ട് ജനറൽ)

ചെലവ് - 1485560 ( ബിൽ നം 1/30.08.18)

നിർവ്വഹണം- പ്രധാനാധ്യാപിക

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 1485560 രൂപ എസ്.എസ്.എ യ്ക്ക് നൽകിയിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ട തുകയിലും അധികം തുക വകയിരുത്തി നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme for School Education: Merging the Centrally Sponsored Schemes of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാൻ 2018-19 വർഷം നടപ്പിലാക്കുന്നതിനുദ്ദേശിച്ച് തയ്യാറാക്കിയ പദ്ധതി പ്രകാരം വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾക്ക് പുസ്തക വിതരണം യൂണിഫോം വിതരണം, അധ്യാപക പരിശീലനം തുടങ്ങിയ വിവിധ പരിപാടികൾക്കായി ആകെ 1485560 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രവർത്തനമാർഗ്ഗരേഖയിലും 40 % തുകയായ 594224 രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 100% തുകയായ 1485560 രൂപയും വികസനഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്ട് രൂപീകരിച്ച് പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും തുക അനുവദിച്ചതായി കണ്ടെത്തി.

പ്രോജക്ടിൽ അധികം തുക വകയിരുത്തുന്നതിനും അധികം തുക കൈമാറുന്നതിനും ഇടയായ സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് പ്രധാനാധ്യാപിക 24.12.19 നൽകിയ മറുപടിയിൽ വണ്ടാഴി പഞ്ചായത്തിന്റെ 2018-19 വർഷത്തെ എസ്.എസ്.എ അലോക്കേഷനു പകരം പ്രൊപ്പോസൽ ആയിരുന്നു ആദ്യം സമർപ്പിച്ചിരുന്നതെന്നും അതു തിരുത്തി ശരിയായ അലോക്കേഷന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട് എന്നും വിശദമാക്കിയിട്ടുണ്ട്.

പുതുക്കിയ അലോക്കേഷൻ പ്രകാരം എസ്.എസ്.എ 2018-19 ലേക്ക് ആകെ വകയിരുത്തിയ തുക 37.139 ലക്ഷം രൂപയാണ്. പുസ്തകം, യൂണിഫോം, സ്കൂൾ ഗ്രാന്റ് , പരിശീലനം എന്നീ ഇനങ്ങൾക്ക് മാത്രമാണ് ഇത്രയും തുക വകയിരുത്തിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷം 17.54 ലക്ഷം രൂപ അഡീഷണൽ ടീച്ചർ സാലറി, പാർട്ട് ടൈം ടീച്ചർ സാലറി എന്നീ ഇനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ 18-19 ൽ ഈ തുക വകയിരുത്തിയിട്ടില്ല. 2018-19 വർഷങ്ങളിൽ എസ്.എസ്.എ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിനുദ്ദേശിച്ച കൊണ്ടുള്ള പ്രവർത്തനമാർഗ്ഗ രേഖകളിൽ unit cost, physical target ഇവയിൽ ചില ഘടകങ്ങളിൽ മുൻവർഷങ്ങളിലേതിൽ നിന്നും ഗണ്യമായ മാറ്റം ഉള്ളതായി വിലയിരുത്തുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| 2018-19 പ്ലാൻ | | | |
|---|---|---|---|
| ഘടകം | ടാർജറ്റ് | യൂണിറ്റ് കോസ്റ്റ് | വകയിരുത്തിയ തുക |
| ടെക്സ്റ്റ് ബുക്ക് വിതരണം | 2461 | 25000 | 615300 |
| യൂണിഫോം വിതരണം | 496 | 60000 | 297600 |
| IEDC സ്കോളർഷിപ്പ് | 7 | 66300 | 464000 |
| ടീച്ചർ ട്രെയിനിംഗ് | 28 | 2530 | 70840 |

പ്രധാനാധ്യാപിക ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ 5 എൽ.പി/യു.പി വിദ്യാലയങ്ങളിലായി ആകെ 794 വിദ്യാർത്ഥികളാണുള്ളത്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കൃത്യമായ അലോക്കേഷൻ പ്രകാരം തുക വകിയിരുത്തുവാനും പിന്നീട് തുക മാറ്റുന്നതിനുള്ള സാഹചര്യം ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
2. പുതുക്കിയ അലോക്കേഷൻ പ്രകാരം എസ്.എസ്.എ യുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട 37.139 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. എസ്.എസ്.എ നടപ്പിലാക്കുന്ന പ്രവർത്തികൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.
3. വിനിയോഗം കഴിഞ്ഞ് ബാക്കിയുള്ള പഞ്ചായത്ത് വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ലൈഫ് മിഷൻ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 10 ഗുണഭോക്താക്കളിൽ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചു. പദ്ധതിക്കായി 2017-18, 2018-19 വർഷങ്ങളിലായി 29,21,667രൂപ ചെലവഴിച്ചു.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 205 ഉം എസ്.സി വിഭാഗത്തിൽ 11 ഉം എസ്.ടി വിഭാഗത്തിൽ 1ഉം ഗുണഭോക്താക്കളുള്ളത്. ആയതിൽ എസ്.സി, എസ്.ടി വിഭാഗത്തിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളടക്കം ആകെ 143 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (62/19,66/19)- ജനറൽ

രണ്ട് സർക്കിളുകളായി 143 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 67 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവസാനഗഡു മാത്രം കൈപ്പറ്റാൻ ബാക്കിയുള്ളത് 33 ഗുണഭോക്താക്കളാണ്. ശേഷിക്കുന്നവരിൽ 5 പേർ ആദ്യഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണുള്ളത്.

2018-19 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2018-19 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട് + തനത് ഫണ്ട് | 4140000 | 4140000 |
| ബ്ലോക്ക് പഞ്ചായത്ത് | 944300 | 944300 |
| ജില്ലാ പഞ്ചായത്ത് | 1157205 | 1145700 |
| മറ്റിനം(വായ്പ) | 19870983 | 19870983 |
| ആകെ | 26112488 | 26100983 |

<u>b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (63 /19) – എസ്.സി.പി</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1580333 | 1580333 |
| ബ്ലോക്ക് പഞ്ചായത്ത് | 1275140 | 443808 |
| ജില്ലാ പഞ്ചായത്ത് | 1501527 | 1315859 |
| ആകെ | 4357000 | 3340000 |

ആകെയുള്ള 11 ഗുണഭോക്താക്കളിൽ 11പേരും കരാർ വെച്ചിട്ടുണ്ട്. 8 പേർ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>c) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (63 /19) – ടി. എസ്.പി</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 129000 | 129000 |
| തനത് ഫണ്ട് | 5730 | 5730 |
| ബ്ലോക്ക് പഞ്ചായത്ത് | 224000 | 124000 |
| ജില്ലാ പഞ്ചായത്ത് | 41270 | 41270 |
| ആകെ | 400000 | 300000 |

പട്ടിക വർഗ്ഗ വിഭാഗത്തിൽ 1 ഗുണഭോക്താവ് മാത്രമാണുള്ളത്. നാളിതു വരെ 360000 രൂപ പദ്ധതി വിഹിതം കൈപ്പറ്റിയിട്ടുണ്ട്.

<u>ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ</u>

മൂന്ന പദ്ധതികളിലും കൂടി 5 ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുടർ നിർമ്മാണം നടത്തിയിട്ടില്ല. ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

<u>ഹഡ്കോ ലോൺ</u>

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ 19870983 രൂപ വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം - 67386966602- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വടക്കഞ്ചേരി ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 5340000രൂപ ലഭ്യമായിട്ടുണ്ട്.

<u>ഭവനനിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ രൂപീകരിച്ച ഭവനനിധി അക്കൗണ്ടിൽ നിന്നും ഈ സാമ്പത്തികവർഷം 30000 രൂപ ഒന്നാം ഘട്ട പ്രവർത്തനത്തിനായി വിനയോഗിച്ചിട്ടുണ്ട്. (A/c no 40276101036330- കേരള ഗ്രാമീൺ ബാങ്ക് വടക്കഞ്ചേരി)

<u>ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം - നടപടികൾ നാളിതു വരെ തുടങ്ങിയിട്ടില്ല</u>

ഭൂരഹിത ഭവനരഹിതരായി ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉണ്ട്. നാളിതു വരെ ഇവർക്കായുള്ള ഭവന നിർമ്മാണ നടപടികൾ തുടങ്ങിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.
   പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 തൊഴിലുറപ്പു പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

2018-19 സാമ്പത്തികവർഷത്തിൽ 228 പേർക്ക് പുതുതായി തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. ആകെ 4811 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും

ചെയ്തിട്ടുണ്ട്.

സാമ്പത്തികവർഷം ആകെ 93472 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 2.7 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 2.49കോടി രൂപയും വിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 16.97 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ജീവനക്കാർക്കുള്ള ശമ്പളവും മറ്റുമായി 5.4 ലക്ഷം രൂപയുമടക്കം തൻവർഷത്തെ ആകെ ചെലവ് 2.8കോടി രൂപയാണ്. ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷത്തിൽ 731 പ്രൊജക്ടുകളിലായി 14.43 കോടി രൂപ വകയിരുത്തിയതിൽ 223 പ്രവൃത്തികളിലായി 2.8 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ 307 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമാക്കിയിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| ലാന്റ് ഡെവലപ്മെന്റ് | 6 |
| കനാൽ, കാട | 10 |
| റൂറൽ കണക്ടിവിറ്റി | 7 |
| ഭവന നിർമ്മാണം | 126 |
| മെറ്റീരിയൽ പ്രവൃത്തി | 10 |
| നഴ്സറി | 1 |
| റൂറൽ സാനിറ്റേഷൻ | 29 |
| നീർത്തട സംരക്ഷണം | 44 |
| ആകെ | 233 |

വണ്ടാഴി പോലെയുള്ള ഗ്രാമപ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് സഹായകരമാകുംവിധം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രകൃതി വിഭവപരിപാലനത്തിനും, ആസ്തിവികസനത്തിനും,

ദരിദ്രകുടുംബങ്ങളുടെ വരുമാന വർദ്ധനവിനും, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും സാധിക്കുന്ന വിധത്തിൽ കൂടുതൽ ക്രിയാത്മക പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആസൂത്രണ ഘട്ടം മുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും</u>

1. കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്ക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതാണ്.

4. വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതല ചർച്ച, കൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളിലുമുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.

5. ക്രിയാത്മകമായതും ഉപജീവനത്തിന് സഹായകരമായ ആസ്തികളായ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയും ആവശ്യകതയ്ക്കനുസരിച്ച് നിർവ്വഹിക്കാവുന്നതാണ്.

6. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-26 പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 23/2019, പെയിൻ & പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5,60,000/- (പ്ലാൻ ഫണ്ട് -ജനറൽ) | 5,60,000/- |
| | | 40,000/- (തനതുഫണ്ട്) | 40,000/- |
| | | ആകെ 6,00,000/- | 6,00,000/- |

ചെലവ് വിവരങ്ങൾ

12 ബില്ലുകളിലായി 600000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 04.07.18, 05.09.18, 05.10.18, 07.03.18 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസവും അവലോകനയോഗങ്ങൾ കൂടിയിട്ടുണ്ട്.
2. മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ നിശ്ചിത മാതൃകയിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.
3. ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
4. പാലിയേറ്റീവ് ഹോംകെയർ വാഹനത്തിന്റെ ക്വട്ടേഷനുകൾ പിഎംസി അംഗീകരിച്ചിട്ടില്ല.
5. പാലിയേറ്റീവ് ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ റാലി ഒഴിച്ച് പാലിയേറ്റീവ് രോഗി ബന്ധു സംഗമം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.
(ഓഡിറ്റ് അന്വേഷണം നം.19/26.12.2019)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. മാർഗ്ഗരേഖയിൽ വാഹനം ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷൻ നടപടികളിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-27 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയറുടെ 133 പ്രവൃത്തികളിൽ 87 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരു ത്തിയ 4.28 കോടി രൂപയിൽ 2.49 കോടി രൂപയാണ് തൻവർഷം ലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 58% തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്റ്റുകളുടെ ആധിക്യം

തൻവർഷം അംഗീകാരം ലഭിച്ച 133 മരാമത്ത് പ്രവൃത്തികളിൽ 33 എണ്ണവും (25%) സ്പിൽഓവർ പ്രോജക്റ്റുകളാണ്. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും സ്പിൽ ഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. മാർച്ച് മാസത്തിൽ സമർപ്പിച്ച 11 ബില്ലുകൾ ക്യൂ ബില്ലുകളായി മാറുകയും ആകെ 21.35 ലക്ഷം രൂപ തൻവർഷത്ത ചെലവിൽ ഉൾപ്പെടാതെ പോവുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം മറ്റ് വകുപ്പുകളെ അപേക്ഷിച്ച് എഞ്ചിനിയറിംഗ് പ്രോജക്റ്റുകളുടെ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുറവായതിനാൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും കൃത്യമായി അവലംബിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാതിരുന്നതും ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിനാലും ചെലവു ശതമാനം കുറയുവാൻ ഇടയാക്കുന്ന സാഹചര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല.

ബി. രേഖകളുടെ സൂക്ഷിപ്പ്

- പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം എഗ്രിമെന്റ് വ്യവസ്ഥകൾ പുതുക്കിയിട്ടില്ല.
- ടാറിംഗ് പ്രവൃത്തികളിൽ ടാറിന്റെ ബില്ലുകൾ അതാത് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.
- കെട്ടിടങ്ങൾ പൊളിച്ചു മാറ്റുമ്പോൾ ലഭ്യമാകുന്ന വസ്തുക്കളുടെ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തി അധികാരികൾക്ക് രേഖാമൂലം കൈമാറിയതിന്റെ വിവരം രേഖപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.
- പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷ, അസി.എഞ്ചിനിയറുടെ ശുപാർശ എന്നിവ അതാത് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.
- മെയ്ന്റനൻസ് പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

ഡി. മെയ്ന്റനൻസ് പ്ലാൻ

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിനനുസരിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉൾപ്പെടെയുള്ള മെയ്ന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. റോഡിതര

ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

1. 88/19-കടപ്പാറ ജി.എൽ.പി.എസ് അറ്റകുറ്റപ്പണി- 400000

2. 121/19-ജി.എൽ.പി.എസ് മുടപ്പല്ലൂർ അറ്റകുറ്റപ്പണി-566000

3. 120/19-വെറ്ററിനറി ഹോസ്പിറ്റൽ അറ്റകുറ്റപ്പണി - 450000

4. 123/19-ആയുർവേദ ആശുപത്രി സ്റ്റോർ റൂം - 400000

5. 124/19-ആയുർവേദ ആശുപത്രി സ്റ്റോർ റൂം-200000

6. 169/19-വിവിധ അങ്കണവാടി നവീകരണം-115856

7. 220/19-കടപ്പാറ ജി.എൽ.പി.എസ് ട്രസ്‌വർക്ക്- 350000

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കി യിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്റ്റുകൾ രൂപീകരിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2. രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്.

3. മെയിന്റനൻസ് പ്ലാൻ അനുസരിച്ച് മെയിന്റനൻസ് പ്രോജക്റ്റുകൾ രൂപീകരിക്കേണ്ടതും സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

4. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കി ക്യൂ ബില്ലുകൾ ഇല്ലാതാക്കുവാനും തുടർ വർഷങ്ങളിലെ ഫണ്ടുകളിൽ കുറവ് സൃഷ്ടിക്കുവാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

5. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

6. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

7. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതാണെന്ന് 8/23-12-2019 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്.

# 1-28 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ

# ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി<br>തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
